തസ്തികയിലോട്ടുള്ള സ്ഥാനക്കയറ്റത്തിന്റെ മാനദണ്ഡം.

(സി) സീനിയോറിറ്റിക്ക് വിധേയമായി എല്ലാ മസ്ദൂർമാർക്കും പ്രൊമോഷന് അർഹതയുണ്ട്. പ്രൊമോഷന് തടസ്സമില്ല.

(ഡി) നിലവിൽ ലൈൻമാൻ II തസ്തികയിൽ ഒഴിവില്ല. ഒഴിവുകൾ വരുന്ന മുറയ്ക്ക് മസ്ദൂർമാർക്ക് പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കാവുന്നതാണ്.

എൽ. ഇ. ഡി. ബൾബുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് നടപടി

5 (345) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൽ.ഇ.ഡി ബൾബുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് വൈദ്യുതി വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

(ബി) എൽ. ഇ. ഡി. ബൾബുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇവയുടെ നികുതിയിൽ ഇളവ് അനുവദിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(സി) കെ. എസ്. ഇ. ബി. വഴി എൽ. ഇ. ഡി ബൾബുകൾ കുറഞ്ഞ നിരക്കിൽ സാധാരണക്കാരന് വിതരണം ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് എൽ.ഇ.ഡി. ബൾബുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ താഴെപ്പറയുന്നവയാണ് :

1. എൽ.ഇ.ഡി. വില്ലേജ് പരിപാടി:- ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ (ബി.ബി.ഇ.) ധനസഹായത്തോടുകൂടി തെരഞ്ഞെടുത്ത വാർഡുകളിൽ ഗാർഹിക ഉപയോഗത്തിനും തെരുവുവിളക്കുകളിലും എൽ.ഇ.ഡി. സ്ഥാപിക്കൽ.

ഈ പരിപാടിയിൽ പാലക്കാട് ജില്ലയിലെ ആയക്കുറിശ്ശിയിൽ 325 വീടുകളിൽ രണ്ടുവീതം എൽ.ഇ.ഡി. ബൾബുകളും, 50 എൽ.ഇ.ഡി. തെരുവു

LIBRARY ARCHIVES Kerala Legislative Assembly

വിളക്കുകളും സ്ഥാപിച്ചു.

മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ 50 എൽ.ഇ.ഡി. തെരുവുവിളക്കുകളും 1500 എൽ.ഇ.ഡി. ബൾബുകളും ആലപ്പുഴയിൽ 50 എൽ.ഇ.ഡി. തെരുവുവിളക്കുകളും 1600 എൽ.ഇ.ഡി. ബൾബുകളും വിയ്യൂരയിൽ 50 എൽ.ഇ.ഡി. തെരുവുവിളക്കുകളും 1500 എൽ.ഇ.ഡി. ബൾബുകളും സ്ഥാപിച്ചു.

2. എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിക്കൽ:-

കേരളത്തിലെ എല്ലാ കോർപ്പറേഷനുകളിലും, മുനിസിപ്പാലിറ്റികളിലും 100 വീതം എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിച്ചു.

3. മാതൃകാ പദ്ധതികൾ നടപ്പിലാക്കൽ:- ബി.ഇ.ഇ.യുടെ ധനസഹായത്തോടെ തിരുവനന്തപുരം കോർപ്പറേഷനിൽ വെള്ളയമ്പലം മുതൽ വഴുതക്കാട് വരെ 100 വാട്സിന്റെ 70 എൽ.ഇ.ഡി. തെരുവുവിളക്ക് സ്ഥാപിക്കുന്ന പദ്ധതിയും കോർപ്പറേഷൻ പരിധിക്കുള്ളിൽ 45 വാട്സിന്റെ 500 എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതിയും പുരോഗമിച്ചുവരുന്നു.

(ബി) ഇല്ല.

(സി) എൽ.ഇ.ഡി. ബൾബുകൾ കുറഞ്ഞ നിരക്കിൽ സാധാരണക്കാരന് വിതരണം ചെയ്യുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ പദ്ധതിക്ക് പ്രാരംഭ നടപടികളുടെ ചർച്ചകൾ നടന്നുവരുന്നു.

വൈക്കം നിയോജക മണ്ഡലത്തിലെ ഊർജ്ജ വകുപ്പിന്റെ പദ്ധതികൾ

6 (346) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈക്കം നിയോജക മണ്ഡല പരിധിയിൽ ഊർജ്ജ വകുപ്പുവഴി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ഇതുവഴി എത്ര രൂപയുടെ വികസന പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly